| | | | |
|---|---|---|---|
| <?xml version="1.0" ?> | | | |
| <?xml-stylesheet type="text/css" href="home.css"?> | | | |
| <Doc id="mal-w-media- | ML00001 | " | lang="Malayalam"> |
| <Header type="text"> | | | |
| <encodingDesc> | | | |
| <projectDesc> | CIIL-Malayalam Corpora, Monolingual Written Text | | </projectDesc> |
| <samplingDesc> | Simple written text only has been transcribed. Diagrams, pictures, tables and verses have been omitted. Samples taken from page 18-19, 36-37, 54-55, 72-73, 90-91, 108-109, 126-127, 144-145, 162-163, 180-181 | | </samplingDesc> |
| </encodingDesc> | | | |
| <sourceDesc><br><biblStruct><br><source> | | SRLC | |
| | <category> | Aesthetics | </category> |
| | <subcategory> | Literature-Travelogues | </subcategory> |
| | <text> | Book | </text> |
| | <title> | shivagirimutal' shAntinikEtan' vare oru tIr'tthayAtra | </title> |
| | <vol> | | </vol> |
| | <issue> | | </issue> |
| </source> | | | |
| <textDes> | | | |
| | <type> | | </type> |
| | <headline> | | </headline> |
| | <author> | vATayil' sadAshivan' | </author> |
| | <words> | 1630 | </words> |
| </textDes> | | | |
| <imprint> | | | |
| | <pubPlace> | | </pubPlace> |
| | <publisher> | | </publisher> |
| | <pubDate> | 1993 | </pubDate> |
| </imprint> | | | |
| <idno type="CIIL code"> | | 55488 | </idno> |
| <index> | | ML00001 | </index> |
| </biblStruct><br></sourceDesc> | | | |
| <profileDesc><br><creation> | | | |
| | <date> | 23-Apr-2009 | </date> |
| | <inputter> | Remya K | </inputter> |
| | <proof> | Rejitha K.S., Sajila S | </proof> |
| </creation> | | | |
| <langUsage> | | Malayalam | </langUsage> |
| <wsdUsage> | | | |
| <writingSystem id="ISO/IEC 10646">Universal Multiple-Octet Coded Character Set (UCS). </writingSystem> | | | |
| </wsdUsage> | | | |
| <textClass> | | | |
| <channel mode="w"> | | Print | </channel> |
| <domain type="public"> | | | </domain> |
| </textClass><br></profileDesc> | | | |

| | | |
|---|---|---|
| </Header> | | |
| <text><body> | | |
| <p> | ഏപ്രിൽ 23 ന് രാവിലെ ബസ്സിൽ നിന്നും താഴെ ഇറങ്ങി. ഒരു നദി സ്വഛന്ദം ഒഴുകുന്നതുകണ്ടു. നദിയിൽ ഇറങ്ങി സ്നാനം ചെയ്തു. കുളികഴിഞ്ഞു കയറിയപ്പോൾ എൽ. ഐ. സി. അപ്പുക്കുട്ടൻ പറഞ്ഞു. “വ്യാസനദിയിലാണ് നാം തീർത്ഥമാടിയത്” തീർത്ഥയാത്രയിൽ ആദ്യമായി വ്യാസനദിയിൽ തീർത്ഥമാടാനുള്ള ഭാഗ്യം ലഭിച്ചു എന്നോർത്തപ്പോൾ സന്തോഷം തോന്നി. വ്യാസമഹർഷിയുടെ മഹാഭാരത്തിൽ ഇല്ലാത്തതൊന്നും ലോകത്തിലില്ല; എന്നാണ് പണ്ഡിതമതം. വ്യാസഭഗവാന്റെ നാമധേയത്തിലുള്ള നദിയിൽ സ്നാനം ചെയ്യുന്നവർക്ക് അറിവും ബോധവും ഉണ്ടാകും. ശുഭലക്ഷണം എന്ന ആശയം എന്റെ മനസ്സിൽ അങ്കുരിച്ചു. വേദവ്യാസന്റെ ജനനവും വളർച്ചയും യമുനാനദിയിൽ വച്ചായിരുന്നല്ലോ. മാതാവായ കാളിയുടെ (സത്യവതിയുടെ) ഉദ്ഭവവും നദിയിൽ വെച്ചായിരുന്നു. | </p> |
| <p> | സ്നാനനം കഴിഞ്ഞു ഞങ്ങൾ വട്ടമിട്ടുനിന്നു അവിലും പഴവും ചായയും കഴിച്ചു. തീർത്ഥാടകരിൽ ആർക്കും ഒന്നിലും പരിഭവമില്ല. എല്ലാവരുടെയും മുഖത്ത് സന്തോഷത്തിന്റെ വീചികൾ പരന്നിരുന്നു. ഞങ്ങൾ നാഷണൽ ഹൈവേയിലൂടെ യാത്ര തുടർന്നു. റോഡിന്റെ ഒരു വശത്ത് അഗാധമായ ഗർത്തങ്ങളും മറുവശത്ത് ഉയർന്ന മലമടക്കുകളും. വാഹനം മുന്നോട്ടുനീങ്ങിയപ്പോൾ കടയ്ക്കാവൂർ ശിവദാസൻ എന്ന തീർത്ഥാടകൻ പറഞ്ഞു “നാം രത്നഗിരിജില്ലയിലൂടെ യാത്ര ചെയ്യുകയാണ്”. മഹാകവി കാളിദാസൻ രത്നഗിരിജില്ലയിൽ താമസിച്ചിട്ടുണ്ട്. രത്നഗിരിയുടെ മഹിമയ്ക്ക് കാളിദാസൻ മാറ്റുകൂട്ടിയിട്ടുണ്ട്. പുല്പള്ളി സഹോദരന്മാരിൽ രാധാകൃഷ്ണൻ പറഞ്ഞു. രത്നഗിരിജില്ലയിലാണ് ലോകമാന്യതിലകൻ ജനിച്ചത്. | </p> |
| <p> | 1856-ൽ ആണ് ലോകമാന്യതിലകന്റെ ജനനം. “സ്വരാജ്യം എന്റെ ജന്മാവകാശ”മെന്നു പ്രഖ്യപിച്ചു തിലകൻ. തിലകനു ആവേശവും ആഗ്രഹവും നൽകിയത് ‘ഗീത’യാണെന്നു അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. 1915-ൽ ‘ഗീതാരഹസ്യം’ എന്ന ഗ്രന്ഥം തിലകൻ പ്രസിദ്ധീകരിച്ചു. 1920 ആഗസ്റ്റ് 1 ന് മരിക്കുന്നതുവരെ സ്വരാജ്യത്തെക്കുറിച്ചുമാത്രമേ അദ്ദേഹം ചിന്തിച്ചിരുന്നുള്ളൂ. | |
| | | |
| <p> | ഘ്യുഷ്മേശ്വരത്തിന്റെ ഉൽപ്പത്തിയെക്കുറിച്ച് ഒരു കഥയുണ്ട്. സുധർമ്മാവു എന്ന പേരിൽ ഒരു വിപ്രൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ സുദേഹവന്ധ്യയായിരുന്നു. സന്താനലബ്ധിയ്ക്കുവേണ്ടി സുധർമാവ് ഘ്യുഷ്മയെന്ന സ്ത്രീയെ രണ്ടാം ഭാര്യയായി സ്വീകരിച്ചു. അവർ ദിവസവും 108 ശിവലിംഗങ്ങൾ മണ്ണിൽ മെനഞ്ഞെടുത്തു പൂജിച്ചിട്ടു നദിയിൽ ഒഴുക്കുക പതിവായിരുന്നു. ഘ്യുഷ്മയ്ക്കും സുധർമ്മാവിനും ഒരു ഓമനപുത്രൻ ജനിച്ചു. സുദേഹയ്ക്കു നിരാശമൂത്തു. സുദേഹ ആ കുഞ്ഞിനെ ആരുമറിയാതെ കൊന്നു നദിയിൽ എറിഞ്ഞു. മകന്റെ മരണവാർത്തയറിഞ്ഞു ഘ്യുഷ്മ ദുഃഖിച്ചു. എന്നിട്ടും പതിവുപോലെ ഘ്യുഷ്മ 108 ശിവലിംഗങ്ങൾ അന്നും | </p> |

| | | |
|---|---|---|
| | മെനഞ്ഞെടുത്തു നദിയിൽ ഒഴുക്കി. നദിക്കരയിൽ നിന്നും ഘ്യുഷ്മ തിരികെ വന്നപ്പോൾ മരിച്ചുപോയ പുത്രനും കൂടെ വന്നു. അവൾക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. കുഞ്ഞിനു ജീവൻ തിരിച്ചു നൽകിയതു ശിവനാണെന്നു ഘ്യുഷ്മ വിശ്വസിച്ചു. അന്നുമുതൽ ഘ്യുഷ്മേശ്വരജോതിർലിംഗമായി അവിടെ വാഴണമെന്നു അവൾ ശിവനോട് പ്രാർത്ഥിച്ചു. ആ ദിവസം മുതൽ ഘ്യുഷ്മേശ്വരജോതിർലിംഗമായി സങ്കൽപ്പിച്ചു പൂജ നടത്തി വരുന്നു. | |
| <p> | എല്ലോറ | </p> |
| <p> | ഘ്യുഷ്മേശ്വരക്ഷേത്രത്തിൽ നിന്നും രണ്ടു കിലോമീറ്റർ അകലത്തിലാണ് എല്ലോറഗുഹകൾ സ്ഥിതി ചെയ്യുന്നത്. എല്ലോറയുടെ പഴയ പേര് ‘വേരുല’ എന്നായിരുന്നു. പ്രാചീന സംസ്കാരത്തിന്റെ അദ്ഭുതം നിറഞ്ഞ ഗുഹകളാണ് എല്ലോറ. വിശാലമായ മൈതാനത്തിന്റെ രണ്ടുവശത്തും ഉന്തിനിൽക്കുന്ന മലമടക്കുകളിലാണ് എല്ലോറ ഗുഹകൾ സ്ഥിതിചെയ്യുന്നത്. എല്ലോറഗുഹയിൽ കയറിച്ചെല്ലുന്ന സന്ദർശകർ ആദ്യം കാണുന്നത് ഗജലക്ഷ്മിയുടെ പ്രതിമയാണ്. രണ്ടു ആനകൾ മഹാലക്ഷ്മിക്ക് അകമ്പടിസേവിക്കുന്നതായിട്ടാണ് കല്ലിൽ കൊത്തിവെച്ചിരിക്കുന്നത്. 38 ഗുഹകളാണ് എല്ലോറയിൽ ഉള്ളത്. ഒന്നു മുതൽ പതിമൂന്നുവരെയുള്ള ഗുഹകൾ ബുദ്ധമതത്തിലെ മഹായാന സമ്പ്രദായത്തെ പ്രദർശിപ്പിക്കുന്നു. പതിനാലുമുതൽ ഇരുപത്തിയാറുവരെ ഉള്ളത് പൗരാണികഗുഹകളുടെ പ്രതിരൂപങ്ങളാണ്. ബാക്കിയുള്ള ഗുഹകളിൽ ജൈനസിദ്ധാന്തങ്ങളുടെ പ്രതിരൂപങ്ങൾ കാണാം. ഒറ്റക്കല്ലിൽ രണ്ടു സ്തംഭങ്ങൾ ഏകദേശം അൻപതടി പൊക്കത്തിൽ കൊത്തിനിർത്തിയിരിക്കുന്നു. പ്രത്യേക സൺഷെയ്ഡു കൊത്തി തൂണില്ലാതെ നിർത്തിയിരിക്കുന്നതു കമനീയമായ കാഴ്ചയാണ്. എല്ലോറമലകളിൽ ഗുഹകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവിടെ ആരാധനാമൂത്തികളില്ല | </p> |
| | | |
| <p> | ആഗ്ര | </p> |
| <p> | മുഗൾ സാമ്രാജ്യത്തിന്റെ ചരിത്രത്തിൽ ആഗ്രയ്ക്ക് വളരെയേറെ പ്രധാന്യമുണ്ട്. അക്ബർചക്രവർത്തി ആഗ്രാപട്ടണത്തിന്റെ അടിസ്ഥാനശിലയിട്ടെന്നും അദ്ദേഹത്തിന്റെ പുത്രൻ ജഹാംഗീർ പട്ടണത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും നേതൃത്വം നൽകിയെന്നും ചരിത്രകാരൻമാർ പറയുന്നു. ആഗ്രയ്ക്ക് ആഗോള പ്രശസ്തി കൈവരിയ്ക്കാൻ കഴിഞ്ഞതു കലാകാരനായ ഷാജഹാൻ ചക്രവർത്തി മാർബിളിൽ കവിത രചിച്ചശേഷമാണ്. | </p> |
| <p> | താജ്മഹൽ | </p> |
| <p> | ആദമിന്റെയും ഹവ്വയുടെയും കാലം മുതൽ ഭാര്യാഭർത്തൃബന്ധത്തിനു പാവനത്വം കല്പിക്കുന്നവരും കല്പിക്കാത്തവരുമുണ്ട്. ദാമ്പത്യബന്ധത്തിന്റെ പാവന സ്മരണയ്ക്ക് മകുടോദാഹരണമാണ് താജ്മഹൽ. ഷാജഹാൻ ചക്രവർത്തി തന്റെ രണ്ടാമത്തെ പത്നിയായ മുംതാസ്മഹലിന്റെ | </p> |

| | | |
|---|---|---|
| | ഓർമ്മയ്ക്കുവേണ്ടി യമുനാനദിയുടെ തീരത്തു മാർബിളിൽ പണികഴിപ്പിച്ചതാണ് മധുരമനോജ്ഞമായ ടാജ്മഹൽ. | |
| <p> | ഡെക്കാണിലേയ്ക്കുപോയ ഷാജഹാനെ മുംതാസ് അനുഗമിച്ചിരുന്നു. യാത്രാമദ്ധ്യേ മുംതാസ് ഒരു പെൺകുഞ്ഞിനു ജന്മം നൽകി. പ്രസവം അത്ര സുഖപ്രദമായിരുന്നില്ല. മരണം മുംതാസിനെ മാടി വിളിക്കുന്നുവെന്നു മനസ്സിലായി .മുംതാസിന്റെ മുഖത്തുകരുവാളിപ്പ് പടർന്നു. കണ്ണുകളുടെ തിളക്കം മങ്ങി. മുംതാസ് ദയനീയമായി ഷാജഹാനെ നോക്കി. ദുഃഖിതനായ ഷാജഹാൻ ധർമ്മപത്നിയോടു ചോദിച്ചു | </p> |
| <p> | “മുംതാസ് ഞാൻ നിന്നെ യഥാർത്ഥമായി സ്നേഹിച്ചിരുന്നുവെന്ന് എങ്ങനെയാണു ലോകത്തെ അറിയിയ്ക്കേണ്ടത്?” തകരുന്ന ഹൃദയത്തോടെ മുംതാസ് പറഞ്ഞു “നമ്മുടെ കുഞ്ഞുങ്ങളെ നല്ല രീതിയിൽ വളർത്തണം. ഞാൻ മരിച്ചാൽ അങ്ങു വീണ്ടും വിവാഹം കഴിക്കരുത്” . അൽപം നിർത്തിയിട്ട് ഒരു അപേക്ഷ കൂടി ഭർത്താവിന്റെ മുമ്പിൽ സമർപ്പിച്ചു. “മറ്റൊന്നിനും സമമല്ലാത്ത ഒരു ട്ടോംബു എനിക്കുവേണ്ടി പണി കഴിപ്പിക്കുക”. നിയതിയുടെ നിശ്ചയം നീക്കുവാൻ ആർക്കും സാദ്ധ്യമല്ലല്ലോ! 1631 ജൂൺ 17-ാം തീയ്യതി മുംതാസ് എന്ന സൗന്ദര്യധാമം ഈ ലോകത്തോടു വിട പറഞ്ഞു. | </p> |
| | | |
| <p> | ഞങ്ങളെ കണ്ടയുടനെ മന്ത്രി പറഞ്ഞു “നിങ്ങൾ വരുന്നതിനു ഒരു ദിവസം മുമ്പ് ഡൽഹിയിൽ നല്ല മഴയുണ്ടായിരുന്നു. അതുകൊണ്ടു ചൂടിന്റെ കാഠിന്യം കുറഞ്ഞു. 'നിങ്ങൾ തീർത്ഥാടകരായി ശിവഗിരിയിൽ നിന്നും വരുന്ന വിവരം നേരത്തേ അറിയിച്ചിരുന്നെങ്കിൽ രാഷ്ട്രപതിയെയും, പ്രധാനമന്ത്രിയെയും കാണാനുള്ള ഏർപ്പാടു ചെയ്യാമായിരുന്നു. ” | </p> |
| <p> | ഞങ്ങൾ ഡെൽഹി നഗരത്തിൽ വിഹഗവീക്ഷണം നടത്തിയിട്ടു രാത്രി എട്ടുമണിയോടെ ആശ്രമത്തിൽ തിരിച്ചു എത്തിച്ചേർന്നു. രാത്രി പത്തു മണിയ്ക്കു ആശ്രമത്തിലെ വലിയ ഹാളിൽ തീർത്ഥാടകരായ ഞങ്ങൾ യോഗം കൂടി. യോഗത്തിൽ ഞാൻ അദ്ധ്യക്ഷം വഹിച്ചു. 1978-ൽ ആരംഭിച്ചതാണു ശ്രീനാരായണഗുരു ധർമ്മ സമാജം ശിവഗിരി.വർക്കല. സമിതി അംഗങ്ങൾ അന്നുമുതൽ ആണ്ടുതോറും തീർത്ഥാടനം നടത്തിവരുന്നു. തുടർച്ചയായി തീർത്ഥാടനം നടത്തിയ അംഗങ്ങൾക്കും സംഘടനകളുടെ പ്രസിഡൻററന്മാർക്കും, സെക്രട്ടറിമാർക്കും പൊന്നാട നൽകി അനുമോദിക്കുകയുണ്ടായി. സമാജം പ്രസിഡന്റു അഡ്വ. ആർ. ഗംഗാധരൻ, സെക്രട്ടറി ശ്രീ. സുരേന്ദ്രൻ, വനിതാസമാജം പ്രസിഡന്റു ശ്രീമതി വിമലാമ്മ, സെക്രട്ടറി കമലമ്മ, ശ്രീ. എം. മധു എന്നിവർക്കാണു പൊന്നാട നൽകിയത്. | </p> |
| <p> | തീർത്ഥാടകരായ ഞങ്ങൾക്കു ഡെൽഹിയിൽ വേണ്ടത്ര സൗകര്യങ്ങൾ ഉണ്ടാക്കി തന്ന മലയാളിയായ ഒരു യുവാവുണ്ട്. അദ്ദേഹത്തിന്റെ പേര് സുധാകരൻ എന്നാകുന്നു. ചവറ സ്വദേശി. ഗവൺമെന്റ് ഓഫ് ഇൻഡ്യാ സർവീസ്സിൽ കൃഷിവകുപ്പിൽ അസിസ്റ്റന്റ് സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്നു. ഞങ്ങൾക്കു ഡെൽഹിയിൽ കത്തുകൾ | </p> |

| | | |
|---|---|---|
| | വന്നതെല്ലാം c/o ശ്രീമാൻ നരേന്ദ്രൻ, കേരള കൗമുദി എന്ന വിലാസത്തിലാണ്. ലഭിച്ച കത്തുകൾ ഞങ്ങൾക്കു തന്നു. ഇവരോടെല്ലാം കൃതജ്ഞത അർപ്പിച്ചുകൊണ്ടു യാത്ര പുറപ്പെടാൻ തയ്യാറായി. | |
| | | |
| <p> | കുളികഴിഞ്ഞു കരയ്ക്കുകയറിയ എന്റെ ചിന്ത ലക്നൗവിനെക്കുറിച്ചായിരുന്നു. ലക്നൗവിൽ ആരോടെങ്കിലും ഇംഗ്ലീഷിൽ ചോദിച്ചാൽ ഉറുദുവിലോ ഹിന്ദിയിലോ മറുപടി പറയൂ. രാമായണത്തിലെ ലക്ഷ്മണന്റെ സ്മാരകമാണു ലക്നൗ എന്നു പഴമക്കാർ പറയുന്നു. ലഘ്നൻ എന്ന ഹിന്ദു വാസ്തു ശില്പിയുടെ ഓർമ്മ പുതുക്കാൻ ഈ പേര് നൽകിയതാണെന്നു മറ്റൊരു അഭിപ്രായം ഉണ്ട്. മദ്ധ്യകാല ലക്നൗവിന്റെ ഭരണാധികാരികളും നിർമ്മാതാക്കളും മുസ്ലീമുകളായിരുന്നു. അവരാണു വാസ്തു ശില്പിയായ ലഘ്നനെ നിയോഗിച്ചത്. നവാബുമാരുടെ ഭരണം കുറെക്കാലം ലക്നൗവിൽ തുടർന്നിരുന്നു. എന്നാൽ 1856-ൽ ലക്നൌവിന്റെ ഭരണം ബ്രിട്ടീഷുകാർ പിടിച്ചെടുത്തു. | </p> |
| <p> | ലക്നൗ ഉറുദു കവിതയുടെ ഉറവിടമാണ്. നവാബുമാരുടെ ഭരണകാലത്തു ഡൽഹിയിൽ നിന്നും പണ്ഡിതൻമാരും തത്വചിന്തകൻമാരും സാഹിത്യകാരൻമാരും കവികളും സുന്ദരികളും ലക്നൗവിലേക്കു വന്നിരുന്നു. നവാബുമാർ അവരെ സഹർഷം സ്വാഗതം ചെയ്തിരുന്നു. ലക്നൗവിൽ രണ്ടു ഇമാംബാരകൾ ഉണ്ട്. കൂറ്റൻ മണിമന്ദിരങ്ങൾ. ഈ മന്ദിരങ്ങളെ താങ്ങി നിർത്തുവാ ൻ തൂണുകളില്ലെന്നതു ഒരു സവിശേഷതയാണ്. | </p> |
| <p> | ഉദ്ദേശ്യം പതിനൊന്നു മണിയോടെ ലക്നൗവിൽ നിന്നും ഞങ്ങൾ ഫയിസാബാദിലേയ്ക്കു തിരിച്ചു. മനസ്സു നിറയെ ശ്രീരാമജന്മഭൂമിയും ബാബറിമസ്ജിദും രൂപം പൂണ്ടു. | </p> |
| <p> | അയോദ്ധ്യ | </p> |
| <p> | ലക്നൗവിൽ നിന്നും 84 കിലോമീറ്റർ അകലത്തിൽ അയോദ്ധ്യ സ്ഥിതി ചെയ്യുന്നു. ഫയിസാബാദിൽ നിന്നും വടക്കോട്ടു ഒൻപതു കിലോമീറ്റർ വണ്ടി ഓടുമ്പോൾ അയോദ്ധ്യയിൽ എത്തുന്നു. അയോദ്ധ്യ എന്ന പദത്തിന്റെ അർത്ഥം യുദ്ധം ചെയ്യാൻ കഴിയാത്തത്, ആർക്കും തോൽപ്പിക്കാ ൻ കഴിയാത്തത് എന്നാകുന്നു. | </p> |
| <p> | അയോദ്ധ്യയിലേയ്ക്കു അടുക്കുന്തോറും പള്ളികളും ക്ഷേത്രങ്ങളും തോളുരുമ്മി നിൽക്കുന്നതു കാണാം. "അഷ്ഠചക്രാ നവദ്വാരാ ദേവനാം പുരായോദ്ധ്യ". എട്ടു ചക്രങ്ങൾ ഒൻപതു കവാടങ്ങൾ ഇവയുള്ള ദേവന്മാരുടെ നഗരമാണ് അയോദ്ധ്യ. കുറെക്കൂടി മുന്നോട്ടു നീങ്ങിയപ്പോൾ രാമജന്മഭൂമിയെന്ന ബോർഡു കണ്ടു. റോഡിന്റെ വലതുവശത്തു സീതാറാം മന്ദിർ, ഹനുമാൻ മന്ദിർ എന്നീ ക്ഷേത്രങ്ങൾ കാണാം. ഇടതു വശത്തു സ്വാമി തുളസീദാസിന്റെ പ്രതിമ കാണാം. | </p> |
| | | |
| <p> | ബോധിവൃക്ഷത്തിന്റെ പിറകിൽ മഹാബോധി ക്ഷേത്രം പണി കഴിപ്പിച്ചിരിക്കുന്നു. ക്ഷേത്രത്തിന്റെ കിഴക്കു വശത്തെ | </p> |

| | | |
|---|---|---|
| | കവാടത്തിന്റെ ഇടതുഭാഗത്തായിട്ട് അവലതോകിതേശ്വരൻ ,മറുഭാഗത്ത് മൈത്രിയൻ എന്നിങ്ങനെ രണ്ടു ബോധിസത്വന്മാരെ പ്രതിഷ്ഠിച്ചിട്ടുണ്ട്. എ്. ഡി. 637 -ൽ ഹ്യൂവൻസാങ് ബുദ്ധഗയ സന്ദർശിച്ചു. അന്നു ബോധിസത്വന്മാരുടെ പ്രതിമ വെള്ളികൊണ്ടു പൊതിഞ്ഞിരുന്നു. അന്നു പ്രതിമകൾക്കു നല്ല പ്രകാശം ഉണ്ടായിരുന്നു. ഇന്ന് ആ പ്രതിമൾക്കു പ്രകാശമില്ല. വെള്ളി കാണാനുമില്ല. | |
| <p> | വെയിലിന്റെ ചൂടുകുറഞ്ഞില്ല. ഞങ്ങൾ കമൽ സരോവാർ കാണാൻ പോയി. ക്ഷേത്രത്തിന്റെ വലതുഭാഗത്ത് ഒരു താമരക്കുളം ഉണ്ട്. ആ താമരക്കുളത്തിന്റെ മദ്ധ്യഭാഗത്തായി ശ്രീബുദ്ധന്റെ ഭീമാകാരമായ പ്രതിമ പ്രതിഷ്ഠിച്ചിട്ടുണ്ട്. ശ്രീപരമേശ്വരന്റെ ശരീരത്തിൽ പാമ്പുകൾ മുല്ലമാലപോലെ കിടക്കുന്നു. അതുപോലെ ശ്രീബുദ്ധന്റെ പ്രതിമയിൽ പാമ്പു ചുറ്റിക്കിടക്കുന്നതു നയനാനന്ദകരമായ ഒരു കാഴ്ചയാണ്. | </p> |
| <p> | ബുദ്ധഗയയിൽ മഹാബോധി സമാജം, ചീനാഭവനം, റ്റിബറ്റുഭവനം, ബിർളയുടെ ധർമ്മശാല മുതലായവ സ്ഥിതിചെയ്യുന്നു. സിലോൺകാരും, ചൈനാക്കാരും അവരുടെ സംഭാവന യഥേഷ്ടം നൽകി വരുന്നു. അരുവിപ്പുറത്തു വച്ചു ശ്രീനാരായണ ഗുരുദേവനോടു കുമാരനാശാൻ ഭക്തിപുരസ്സരം ചോദിച്ച ചോദ്യങ്ങൾ ഓർമ്മയിൽ വന്നു. | </p> |
| <p> | കുമാരനാശാൻ - സ്വാമിൻ എന്താണു അവിടത്തെ ഉദ്ദേശ്യവും ലക്ഷ്യവും? | </p> |
| <p> | ഗുരുദേവൻ - ധർമ്മ സംരക്ഷണം. | </p> |
| <p> | കുമാരനാശാൻ - മാർഗ്ഗം ശ്രീബുദ്ധന്റേതല്ലേ? | </p> |
| <p> | ഗുരുദേവൻ - തീർച്ചയായും. | </p> |
| <p> | ശ്രീനാരായണ ഗുരുദേവനെ അഭിനവ ബുദ്ധൻ എന്നാണല്ലോ ജനം കരുതിപ്പോരുന്നത്. ശ്രീബുദ്ധന്റെ അഹിംസാ സിദ്ധാന്തമാണ് തന്റെയും ആയുധമെന്നു മഹാത്മജി പ്രഖ്യാപിച്ചിട്ടുണ്ട്. ശ്രീബുദ്ധൻ ഒരു യഥാർത്ഥ മനുഷ്യൻ തന്നെയായിരുന്നുവെന്നു നെഹ്റുവും രേഖപ്പെടുത്തിയിട്ടുണ്ട്. | </p> |
| | | |
| <p> | കാളിഘട്ടുക്ഷേത്രത്തിന്റെ ഉല്പത്തിയെക്കുറിച്ചു അന്വേഷിച്ചു. പിതാവായ ദക്ഷൻ നടത്തുന്ന യാഗത്തിൽ പങ്കെടുക്കാൻ സതി യജ്ഞശാലയിൽ ചെന്നു. യജ്ഞശാലയിൽ ശിവനു സ്ഥാനം നൽകിയിരുന്നില്ല. സതിയ്ക്ക് നിരാശയായി. കൂടാതെ ദക്ഷൻ ശിവനെ അതിരറ്റു ആക്ഷേപിക്കുകയും ചെയ്തു. നിരാശ മൂത്ത സതി ജീവത്യാഗം ചെയ്തു. സതിയുടെ ആത്മാർത്ഥ പ്രേമത്തിൽ ആകൃഷ്ടനായ ശിവൻ സതിയുടെ മൃതശരീരം എടുത്തു കൊണ്ടു നടന്നു. ശിവന്റെ കോപം വർദ്ധിച്ചു. ശിവനെ സ്വാന്തനപ്പെടുത്തുവാൻ ദേവന്മാർ ശ്രമിച്ചു. അവരുടെ ശ്രമം ഫലിച്ചില്ല. ദേവന്മാർ മഹാവിഷ്ണുവിനെ ശരണം പ്രാപിച്ചു വിവരമുണർത്തിച്ചു. മഹാവിഷ്ണു ചക്രായുധം കൊണ്ടു സതിയുടെ ശവശരീരം 51 കഷണങ്ങളായി മുറിച്ചു. അതു 51 സ്ഥലങ്ങളിൽ വീണു. ശവശരീരം വീണ സ്ഥലങ്ങളെ 'ശക്തിസ്ഥാൻ' | </p> |

| | | |
|---|---|---|
| | എന്നു വിളിക്കുന്നു. നാലു വിരലുകൾ വീണ സ്ഥലമാണു കാളീഘട്ട്. എവിടെ ദേവീക്ഷേത്രമുണ്ടോ അവിടെ ശിവക്ഷേത്രവും ഭക്തന്മാർ നിർമ്മിക്കുന്നു. ഭാര്യയെയും ഭർത്താവിനെയും കുടിയിരുത്തുന്നു. | |
| <p> | കാളീഘട്ടിന്റെ പ്രാന്തപ്രദേശം ജനത്തിരക്കേറിയതാണ്. കാളിക്ക് ഏറ്റവും പ്രിയപ്പെട്ടതു ചെമ്പരത്തിപ്പൂകൊണ്ടുള്ള അർച്ചനയാണ്. ഏഴടി നീളമുള്ള ചെമ്പരത്തിപ്പൂ മാല ഭക്തജനങ്ങൾ വാങ്ങി അർച്ചനയ്ക്കു കൊടുക്കുന്നു. ദേവി ദർശനത്തിനുവേണ്ടി വരി വരിയായി മുന്നോട്ടു നീങ്ങിയ ഞങ്ങളെ ക്ഷേത്രഭാരവാഹികളിൽ ഒരാൾ തടഞ്ഞു നിർത്തി. ദേവി വിഗ്രഹം കണ്ടു തൊഴണമെങ്കിൽ ഒരാൾ രണ്ടു രൂപാ നൽകണം. തീർത്ഥാടകരായ കമലാക്ഷി അമ്മയും മകൾ ഗീതയും ഷൈലജയും ദമയന്തിയും എന്റെ മുമ്പിൽ നിൽക്കുകയായിരുന്നു. പ്രതീക്ഷിക്കാത്ത ഉന്തും തള്ളും വന്നതുകൊണ്ടു ഞങ്ങൾ ദേവീവിഗ്രത്തിനു സമീപം എത്തി തൊഴുതു. കാശി വിശ്വനാഥക്ഷേത്രത്തിൽ ഉണ്ടായ അനുഭവം തന്നെയാണു യഥാർത്ഥത്തിൽ കാളിഘട്ടിലും ഉണ്ടായത്. ഹിന്ദു സംസ്കാരത്തിന്റെ അടിത്തറ കോവിലുകളാണ്. അവിടെനിന്നും പണം സമ്പാദിക്കുക എന്ന ലക്ഷ്യമാണു ഹിന്ദു ക്ഷേത്രഭാരവാഹികളിൽ കണ്ടു വരുന്നത്. | </p> |
| <p> | പ്രസിദ്ധ സാഹിത്യകാരനായ ശ്രീ. എസ്സ്. കെ. പൊറ്റക്കാടിന്റെ ' ജലതരംഗം' എന്ന കഥയിലെ ഒരു കഥാപാത്രമാണ് ഈ സമയത്ത് ഓർമ്മയിൽ വന്നത്. ആ കഥാപാത്രം പറയുന്നു, മൂന്നു പേരാണ് ചൂഷകരായിട്ടുള്ളത്. "ഒന്നു കൊതുക്, രണ്ട് മൂട്ട , മൂന്ന് ബ്രാഹ്മണർ". | </p> |
| | | |
| <p> | 'ദോ ചായ്' ഏക്കു ബീനാച്ചക്കർ'. ഞാൻ ഒരു വിധം പറഞ്ഞൊപ്പിച്ചു. ഞങ്ങൾ ചായ കഴിച്ചുകൊണ്ടിരിക്കുമ്പോൾ കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ച ഒരു കിഴവി അവിടെയ്ക്ക് കയറി വന്നു. അരപ്പുകല്ല് കൈകൊണ്ടു തുടച്ചു. മഞ്ഞളും വെളുത്തുള്ളിയും അരച്ചുചേർത്തു. പുല്ലുകൊണ്ടു മേഞ്ഞ മേൽക്കൂരയിൽ നിന്നും മഴവെള്ളം തുള്ളി തുള്ളിയായി അരപ്പുകല്ലിന്റെ മദ്ധ്യത്തിൽ വീണുകൊണ്ടിരുന്നു. മഴവെള്ളം കൂടി ചേർത്ത് ആ കിഴവി അരച്ചു. ഇതിനിടയിൽ ഒരു കൊച്ചു കുഞ്ഞു 'ചാചി - ചാചി' എന്നു വിളിച്ചുകൊണ്ടു കിഴവിയുടെ അടുത്തു വന്നു. അവൻ അവിടെ രണ്ടും നടത്തി. അരപ്പു നിർത്തിയിട്ടു കിഴവി കുഞ്ഞിന്റെ മലം കോരിക്കളഞ്ഞു. കുഞ്ഞിന് ശൗചം നടത്തിയെന്നു വരുത്തിയിട്ട് വീണ്ടും വന്നു അരപ്പു തുടങ്ങി. അരച്ചെടുത്ത സാധനം വെള്ളം ചേർത്തു കലക്കി അടുപ്പത്തുവെച്ചു. പരമ്പരാഗതമായ ജീവിതം. ഈ ജീവിത രീതിയ്ക്ക് എന്നാണാവോ മാറ്റം വരിക. | </p> |
| <p> | ഞങ്ങളുടെ വാഹനം കട്ടക്കിലൂടെ ഓടാൻ തുടങ്ങി. കട്ടക്ക് ഒറീസ്സയുടെ തലസ്ഥാനമായിരുന്നു. മെഡിയ്ക്കൽ, ഇഞ്ചിനീയറിംഗ് കോളേജുകൾ എല്ലാം കട്ടക്കിലാണ് പ്രവർത്തിക്കുന്നത്. ഉട്ക്കൽ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനവും കട്ടക്കിലാണ്. ഹിരാക്കുഡ് | </p> |

| | | |
|---|---|---|
| | ജലവൈദ്യുതപദ്ധതിയും ഇവിടെ പ്രവർത്തിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ അണക്കെട്ടുകളിൽ ഒന്നാണ് ഹിരാക്കുഡ്. പഴയ പട്ടണമായ കട്ടക്കിനെ പലപ്പോഴും മഹാനദി ഉപദ്രവിച്ചുകൊണ്ടിരുന്നു. മഹാനദിയിൽ വെള്ളപ്പൊക്കമുണ്ടായാൽ കട്ടക്കിന്റെ നില പരുങ്ങലിലാണ്. അതുകൊണ്ടു ഒറീസ്സയുടെ തലസ്ഥാനം ഭുവനേശ്വറിലേയ്ക്കു മാറ്റി സ്ഥാപിക്കണമെന്ന അഭിപ്രായം പൊന്തിവന്നു. അങ്ങനെ ഭുവനേശ്വർ ഒറീസ്സയുടെ തലസ്ഥാനമായി മാറി. ഒറീസ്സാ സ്റ്റേറ്റു രൂപംകൊണ്ട കാലത്ത് വിജയനഗരസാമ്രാജ്യം പ്രസിദ്ധമായിരുന്നു. ചരിത്രത്തിന്റെ താളുകളിൽ വിജയനഗരസാമ്രാജ്യവും കൃഷ്ണദേവരായരും സുവർണ്ണ ലിപികളിൽ ലിഖിതം ചെയ്തിട്ടുണ്ട്. രാജാക്കന്മാരുടെ അനുയായികൾ ധാരാളമുള്ള നാടാണ് ഒറീസ്സാ. | |
| <p> | നാലു മണിയോടടുത്തപ്പോൾ ഞങ്ങൾ ഭുവനേശ്വറിലെ ബിർളാ മന്ദിരത്തിൽ എത്തിച്ചേർന്നു. വർക്കല സ്വദേശിയായ ബേബി ബിർളാ മന്ദിരത്തിൽ താമസ്സിക്കാനുള്ള ഏർപ്പാടുണ്ടാക്കിയിരുന്നു. സന്ധ്യയോടെ പട്ടണം കാണാനിറങ്ങി. ആധുനികത ഭുവനേശ്വറിനെ തഴുകാൻ തുടങ്ങുന്നതേയുള്ളൂ. രാജകീയ പ്രൗഢി പിടിച്ചുപറ്റി വരുന്നു. ജനങ്ങൾ പൊതുവെ ശാന്തശീലരാണ്. എങ്കിലും സമ്പന്ന വർഗ്ഗത്തിന്റെ സന്തതികളുടെ ഉപദ്രവം കൂടുതലാണ്. 'ഭാംഗ്' എന്ന ലഹരി സാധനം ഒറീസ്സാക്കാർക്കു വളരെ ഇഷ്ടമുള്ളതാണ്. പ്രായഭേദമന്യേ ഭാംഗ് ഉപയോഗിക്കുന്നു. | </p> |
| | | |
| <p> | കരകവും കാവടിയും | </p> |
| <p> | ഞങ്ങളുടെ വാഹനം വേഗത്തിൽ ഓടി. സന്ധ്യ മയങ്ങി. തെരുവുവിളക്കുകൾ മിന്നി മിന്നി പ്രകാശിച്ചു. തണുത്ത കാറ്റു വീശിക്കൊണ്ടിരുന്നു. വാഹനം നീല വെളിച്ചത്തിൽ മുങ്ങിനിന്ന ഒരു ക്ഷേത്രത്തിന്റെ മുൻഭാഗത്തു ചെന്നു നിന്നു. വിശ്രമത്തിനു വേണ്ടി എല്ലാവരും പുറത്തു വന്നു. അമ്മൻകോവിലിൽ കരകവും കാവടിയാട്ടവും നടക്കുന്നുണ്ടായിരുന്നു. ഞങ്ങൾ കുറച്ചു സമയം അതു കാണാൻ ചിലവഴിച്ചു. നർത്തകർ തലയിൽ ഒരു ചെമ്പു പാത്രം വയ്ക്കും.- പാത്രത്തിന്റെ മുകൾപ്പരപ്പിൽ പുഷ്പങ്ങൾ നിറച്ചിരിക്കും. തത്തമ്മപ്പക്ഷി പുഷ്പങ്ങളുടെ മദ്ധ്യത്തുവളരെ ഘനഗാംഭീര്യത്തിൽ ഇരിക്കും. താൻ ശ്രീ പാർവ്വതിദേവിയുടെ ഇഷ്ട പക്ഷിയാണെന്ന ബോധമാണ് ഘനഗാംഭീര്യത്തിനു കാരണം. ചെമ്പ് പാത്രം തലയിൽവച്ചു നർത്തകർ മനോഹരമായി ദ്രുതപാദവിന്യാസം നടത്തുന്നു. | </p> |
| <p> | കാവടി അഥവാ കിളിക്കണ്ണി എന്നു പറയുന്ന പാട്ടുകൾ ആടിപ്പാടുന്നു. മുരുകനെ സ്തുതിക്കുന്നതാണ് കാവടി ചിന്തകൾ. അലങ്കാരക്കാവടി തോളിൽവച്ചു നൃത്തം ചവിട്ടുന്നു. കരകം തലയിൽ വയ്ക്കുന്നില്ല. കാവടിയിൽ ഈശ്വരനോടുള്ള സ്നേഹമാണ് മുന്നിട്ടു നിൽക്കുന്നതെങ്കിൽ കരകത്തിൽ പ്രണയ മിഥുനങ്ങൾ തമ്മിലുള്ള നർമ്മസംഭാഷണത്തിനാണ് സ്ഥാനം. നെയ്യാണ്ടിമേളം ഇവയ്ക്കെല്ലാം അകമ്പടി സേവിക്കുന്നു. കാണാനും കേൾക്കാനും രസമുള്ള ഒരു കലാവിഭാഗം. ത്രിസന്ധ്യയ്ക്ക് | </p> |

| | | |
|---|---|---|
| | വൈദ്യുതദീപങ്ങളുടെ വെളിച്ചത്തിൽ വാദ്യമേളങ്ങളോടു കൂടി അവതരിച്ചപ്പോൾ ആ കലയ്ക്കു ജീവൻ തുടിച്ചു നിൽക്കുന്നതുപോലെ തോന്നി. തമിഴ്നാട് കർണ്ണാടക സംഗീതത്തിനും നൃത്തത്തിനും പ്രാധാന്യം കല്പിക്കുന്നു. | |
| <p> | രാത്രി പന്ത്രണ്ടുമണി കഴിഞ്ഞു. ഞങ്ങൾ മധുര മീനാക്ഷീ കോവിലിനു സമീപമെത്തി. മധുര പട്ടണം ഉറങ്ങിക്കഴിഞ്ഞിരുന്നു. അന്ന് ഒരു ലോഡ്ജിൽ താമസിച്ചു. 19-5-92 നു രാവിലെ നിത്യകർമ്മങ്ങൾ കഴിഞ്ഞു മധുര മീനാക്ഷി അമ്മയെ കണ്ടുവണങ്ങി. പതിനൊന്നു മണിയ്ക്ക് രാജപാളയത്തിലെത്തി ഊണുകഴിച്ചു. വിശ്രമത്തിനുശേഷം ഒരു തുണിക്കടയിലേയ്ക്ക് പോകാൻ സമയത്തു ട്രാൻസ്പോർട്ടു ബസ്സിന്റെ പിറകിൽ ഒരു ആൾക്കൂട്ടം കണ്ടു. തമിഴർ പൊതുവെ ബഹളക്കാരാണ്. പത്താളുകൂടിയാൽ അവരുടെ ബഹളവും കൂടും. | </p> |
| | | |
| <p> | കന്യാകുമാരി | </p> |
| <p> | ബാണാസുരനെ നിഗ്രഹിക്കുവാൻ ശ്രീ പാർവ്വതി കന്യകയായി ജനിച്ചു. എന്നാൽ ശിവനെ ഭർത്താവായി വരിക്കുവാൻ ഒരു കൈയ്യിൽ വരണമാല്യവും മുഖത്തു പുഞ്ചിരിയുമായി കുമാരി കുന്നിൽനിന്നു ഇന്നും ധ്യാനിക്കുന്നു. ശുചീന്ദ്ര ക്ഷേത്രത്തിലെ സ്ഥാണു മാലയപെരുമാൾ കന്യകയെ വിവിഹം ചെയ്യാമെന്നു സമ്മതിച്ചു. സമയവും നിശ്ചയിച്ചു. രാത്രിയിലാണു വിവാഹ സമയം. സ്ഥാണു മാലയപെരുമാൾ ശുചീന്ദ്രത്തു നിന്നും പരിവാരസമേതം പുറപ്പെട്ടു. വിവാഹം നടന്നാൽ ബാണാസുരവധം നടക്കുകയില്ല. നാരദൻ ഒരു കുസൃതി കാണിച്ചു. പൂവൻകോഴിയുടെ രൂപമെടുത്തു വഴമദ്ധ്യേ നിന്നു കൂവി. നേരം വെളുത്തുപോയി എന്ന ആശങ്ക സ്ഥാണു മാലയപെരുമാളിൽ ജനിച്ചു. അത് അശുഭ സൂചനയാണെന്നു മനസ്സിലാക്കി പെരുമാൾ തിരികെപ്പോയി. ഇന്നും ദേവി കന്യകയായി വർത്തിക്കുന്നു എന്നാണു വിശ്വാസം. ദേവിയെ ദുർഗ്ഗ, ഭദ്രകാളി, വിജയ, വൈഷ്ണവി, ചണ്ഡിക, കൃഷ്ണ, മാധവി, കന്യാകുമാരി, ശാരദ, നാരായണി, അംബിക മുതലായ പേരുകളിൽ പ്രതിഷ്ഠിച്ചു ആരാധന നടത്തിപ്പോരുന്നു. | </p> |
| <p> | ബാണാസുര ചക്രവർത്തി ദേവിയോടു വിവാഹാഭ്യർത്ഥന നടത്തി. ഫലമുണ്ടായില്ല. മായാപ്രയോഗങ്ങൾ നടത്തി. ദേവിയുടെ നോട്ടത്തിൽ സകലതും തകർന്നു തരിപ്പണമായി. ബാണാസുരനെ ദേവി ചക്രായുധം അയച്ചു കൊന്നു. ചക്രായുധം ചെന്നു വീണ സ്ഥലത്തിനു ചക്രതീർത്ഥം എന്നു പേരുണ്ടായി. | </p> |
| <p> | കൈലാസം മുതൽ കുമാരി ഖണ്ഡം വരെയുള്ള രാജ്യം ഭരിച്ചിരുന്ന രാജാവാണ് ആദി ഭരതൻ. അദ്ദേഹത്തിന് എട്ടു പുത്രന്മാരും കുമാരിയെന്നു പേരുള്ള ഒരു മകളും ഉണ്ടായിരുന്നു. രാജാവിന്റെ ജീവിത സായാഹ്നത്തിൽ രാജ്യത്തെ ഒൻപതു ഖണ്ഡങ്ങളായി ഭാഗിച്ചു. തെക്കേ അറ്റം മകളായ കുമാരിക്കു നൽകി. അതാണു കന്യാകുമാരിയെന്നു ഒരു കഥ പറയുന്നുണ്ട്. | </p> |

</body></text>
</Doc>